സംസ്ഥാനത്തെ പൊതുമേഖലയിലെ കമ്പനികൾ

6 [3518] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*

,, *സാജു പോൾ:*

,, *മഞ്ഞളാംകുഴി അലി:*

,, *എം. വി. ഗോവിന്ദൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലയിൽ പുതുതായി കമ്പനികൾ രൂപീകരിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദാംശം വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലയിൽ സംസ്ഥാനത്ത് എത്ര കമ്പനികൾ സർക്കാർ രൂപീകരിക്കുകയുണ്ടായി; എത്ര കമ്പനികൾ ഇപ്പോൾ പ്രവർത്തനരഹിതമായിട്ടുണ്ട്;

(സി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രൈവറ്റ് ലിമിറ്റഡ് കമ്പനികളും ജോയിന്റ് സ്റ്റോക്ക് കമ്പനികളും പ്രവർത്തനരഹിതമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലയിൽ സംസ്ഥാനത്ത് വ്യവസായ വകുപ്പിനുകീഴിൽ പുതുതായി കമ്പനികളൊന്നും രൂപീകരിച്ചിട്ടില്ല. ആറെണ്ണം പ്രവർത്തനരഹിതമായിട്ടുണ്ട്.

(സി) കെ.എസ്.ഐ.ഡി.സി.-യുമായി സാമ്പത്തികബന്ധമുള്ള 48 കമ്പനികൾ പൂട്ടിയിട്ടുണ്ട്. എന്നാൽ അവയിൽ അഞ്ച് എണ്ണം പിന്നീട് തുറക്കുകയുണ്ടായി. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.† പ്രൈവറ്റ് ലിമിറ്റഡ് കമ്പനികളുടെയും സ്റ്റോക്ക് കമ്പനികളുടെയും വിവരം ശേഖരിച്ചുനൽകുന്നതാണ്.

കശുവണ്ടി വികസന കോർപ്പറേഷന്റെ ബാദ്ധ്യതകളിൻമേൽ സർക്കാർ ഗ്യാരന്റി

7 [3519] *ശ്രീ. പി. ടി. തോമസ്:*

,, *ലൂഡി ലൂയിസ്:*

,, *കെ. എ. ചന്ദ്രൻ:*

,, *ടി. എൻ. പ്രതാപൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള കടമെത്രയായിരുന്നു;

(ബി) അതിപ്പോൾ എത്രയായി വർദ്ധിക്കുകയോ കുറയുകയോ ചെയ്തു എന്ന് വ്യക്തമാക്കുമോ;

(സി) കശുവണ്ടി വികസന കോർപ്പറേഷൻ ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകാനുള്ള വായ്പത്തുകയ്ക്ക് ഗവൺമെന്റ് ഗ്യാരന്റി നിൽക്കാനും കൂടുതൽ തുക വായ്പയെടുത്ത് ഫാക്ടറികൾ തുറക്കാനും പരിപാടിയുണ്ടായിരുന്നോ;

(ഡി) എങ്കിൽ ഈ പരിപാടിയുടെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31-3-2001-ലെ കണക്കനുസരിച്ച് ധനകാര്യ സ്ഥാപനങ്ങൾക്ക് വായ്പ ഇനത്തിൽ 99.46 കോടി രൂപയും ലറ്റർ ഓഫ് ക്രെഡിറ്റ് ഇനത്തിൽ 8.18 കോടി രൂപയും നൽകാനുണ്ടായിരുന്നു.

(ബി) 31-3-2003-ൽ ബാങ്കുകൾക്ക് ബാദ്ധ്യത ഇനത്തിൽ 122 കോടി രൂപ ഉണ്ട് എന്ന് കണക്കാക്കപ്പെടുകയും സർക്കാർ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ 107.57 കോടി രൂപയായി കുറവുചെയ്യുകയും പ്രസ്തുത തുക പലിശ സഹിതം 5 വാർഷിക ഗഡുക്കളായി നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.

(സി) & (ഡി) ബാങ്കുകൾ ഇപ്പോൾ കോർപ്പറേഷന് വായ്പ ഇനത്തിൽ പാക്കിംഗ് ക്രെഡിറ്റായി 50 കോടി രൂപയും ലെറ്റർ ഓഫ് ക്രെഡിറ്റായി 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഈ തുകയ്ക്ക് സർക്കാർ 3 വർഷത്തേയ്ക്ക് ഗ്യാരണ്ടിയും നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ബാങ്കുവായ്പ ലഭ്യമാക്കിയതിനെ തുടർന്ന് 6-12-2004 മുതൽ ഫാക്ടറികൾ തുറന്ന് തുടർച്ചയായി തൊഴിലാളികൾക്ക് ജോലി നൽകിവരികയാണ്.

കേരളത്തിന്റെ പ്രകൃതിക്ക് ഇണങ്ങിയ പുതിയ വ്യവസായങ്ങൾ

8 [3520] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുവാൻ കേരളത്തിന്റെ പ്രകൃതിക്ക് ഇണങ്ങിയ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly